പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2423** | | **05.11.2019 ൽ മറുപടി പറയേണ്ടിയിരുന്നത്** |
|---|---|---|

**പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ ജോൺ ഫെർണാണ്ടസ്** | | **പി. രാജീവ് (നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി )** |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) ഉം (ബി) ഉം | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇക്കാര്യത്തിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ കരാർ ഒപ്പ് വെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പൊതുമേഖലാസ്ഥാപനം | (എ) പിരിവിനുള്ള മറുപടി | (ബി) പിരിവിനുള്ള മറുപടി |
|---|---|---|---|
| 1. | കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് | കമ്പനിയിലെ വർക്ക്മെൻ വിഭാഗത്തിന്റെ 01.01.2013 മുതൽ 5 വർഷത്തേക്കുള്ള ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള 8-ാം ദീർഘകാല കരാർ മാനേജ്മെന്റും അംഗീകൃത ട്രേഡ് യൂണിയനുകളും സംയുക്തമായി 11.01.2018-ൽ ഒപ്പിട്ട് മുൻകാല പ്രാബല്യത്തോടെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. 01.01.2018 തീയതി മുതൽ പ്രാബല്യമുള്ള 9-ാം ദീർഘകാല കരാർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. | |
| 2. | കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 8-ാം ശമ്പള പരിഷ്കരണ കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്. 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ നടപ്പിലാക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. | ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കരകൗശല വികസന കോർപ്പറേഷനിലെ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ കരാറിൽ ഏർപ്പെടുന്ന കീഴ്വഴക്കം നിലവിലില്ല. |
| 3. | മലബാർ സിമന്റ്സ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പളപരിഷ്കരണം 2018 ഏപ്രിൽ മുതൽ നടപ്പിലാക്കി. | തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നാഷണൽ സിമന്റ് വേജ് ബോർഡ് സെറ്റിൽമെന്റിന്റെ പരിധിയിൽ വരുന്നതാണ്. |
| 4. | കെൽട്രോൺ | 28.10.2017 - ലെ സ.ഉ.(കൈ)നമ്പർ.105/17/വ്യവ. സർക്കാർ ഉത്തരവ് പ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. | മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടുണ്ട്. |
| 5. | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ശമ്പളപരിഷ്കരണത്തിന് മുന്നോടിയായി സ.ഉ.(സാധാ)നം.249/2019/വ്യവ. തീയതി 09.03.2019 പ്രകാരം തൊഴിലാളികൾക്ക് 2000/- രൂപ | ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് മാനേജ്മെന്റും, തൊഴിലാളി സംഘടനകളും തമ്മിലുള്ള ചർച്ചകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ചർച്ചയിൽ അന്തിമ തീരുമാനമെടുക്കുമ്പോൾ കരാർ ഒപ്പ് വയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | വീതം മാസം തോറും ഇടക്കാലാശ്വാസമായി നൽകി വരുന്നു. | |
| 6. | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാതിരുന്നതിനാൽ ബാധകമല്ല. | കമ്പനിയിലെ മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടില്ല. |
| 7. | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | Cement Manufacturer's Association(CMA)നും ദേശീയ തൊഴിലാളി സംഘടനകളുമായി ചീഫ് ലേബർ കമ്മീഷണർ ഡൽഹി മുമ്പാകെ 28.07.2015 ൽ ഒപ്പു വച്ച കരാറിനെ അടിസ്ഥാനപ്പെടുത്തി കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടിയാണ് ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നടപ്പാക്കി വരുന്നത്. CMA യും തൊഴിലാളി സംഘടനകളും 29.07.2015-ൽ ഒപ്പുവച്ച ശമ്പള പരിഷ്കരണകരാർ പ്രകാരം 01.04.2014 മുതൽ നടപ്പായ ശമ്പള പരിഷ്കരണം കമ്പനിയിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. ടി ശമ്പള പരിഷ്കരണ കരാർ നടപ്പാക്കുന്നതിന് സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. | |
| 8. | ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് | ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. | ടി. ടി. സി മാനേജ്മെന്റും അംഗീകൃത തൊഴിലാളികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉണ്ടായ ധാരണയുടെ തുടർ നടപടികൾ പുരോഗമിച്ചിട്ടുണ്ട്. |
| 9. | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | ടി ടി പി യിലെ സബോർഡിനേറ്റ് കേഡറിലുള്ള വർക്ക്മെൻ/സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള ദീർഘകാല കരാർ ശിപാർശയുടെ 80% റിക്കവറബിൾ അഡ്വാൻസായി അനുവദിച്ച് സർക്കാർ അനുമതി നൽകിയതനുസരിച്ച് ജീവനക്കാർക്ക് ടി തുക മാസം തോറും നൽകിവരുന്നു. | ടി ടി പി -യിലെ സബോർഡിനേറ്റ് കേഡറിലുള്ള വർക്ക്മെൻ/സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ MOU ഒപ്പുവച്ചിട്ടുണ്ട്. ഇത് സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 10. | ട്രാക്കോ കേബിൾ കമ്പനി | പൊതുമേഖലാ സ്ഥാപനമായ ട്രാക്കോയിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന്റെ | |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | നടപടികൾ പൂർത്തീകരിച്ച് കരാർ ഒപ്പ വച്ച് 2019 ഫെബ്രുവരി മാസം സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും സർക്കാർ തലത്തിൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാണ്. | |
| 11. | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 28.02.2018 ൽ അവസാനിക്കുകയും പുതിയ ശമ്പള പരിഷ്കരണത്തിനായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. | മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ കഴിഞ്ഞ ശമ്പളപരിഷ്കരണം സംബന്ധിച്ച കരാർ ഒപ്പ വച്ചിട്ടുണ്ട്. |
| 12. | ആട്ടോകാസ്റ്റ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച ഫയൽ ക്യാബിനറ്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. | തൊഴിലാളികളുടെ ശമ്പളപരിഷ്കരണ കരാർ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ധാരണയായി 29/02/2016 ൽ ഒപ്പ് വച്ചിട്ടുള്ളതാണ്. |
| 13. | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | ടെൽക്കിലെ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ഒപ്പവച്ച ദീർഘകാല കരാർ (2016 -21) പ്രകാരം വിഭാവനം ചെയ്ത തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന് കേരള സർക്കാർ അനുമതി ലഭിക്കുകയും പുതുക്കിയ ശമ്പളം ടെൽക്കിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. | |
| 14. | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | തൊഴിലാളികളുടെ 2011 മുതൽ 2014 വരെയുള്ളതും, ഓഫീസർമാരുടെ 2011 മുതൽ 2016 വരെയുള്ളതുമായ ശമ്പള പരിഷ്കരണ കരാറുകൾ 2018 ഒക്ടോബർ 24-ന് യൂണിയനുകൾ മാനേജ്മെന്റുമായി സമ്മതിച്ച് ഒപ്പിട്ട് തുടർനടപടികൾക്കായി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. | |
| 15. | ദി ആലപ്പി കോ -ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | ഈ മില്ലിൽ ഐ. ആർ. സി തീരുമാനപ്രകാരമുള്ള ശമ്പള പരിഷ്കരണ നടപടികൾ നടപ്പാക്കുന്നതിനുള്ള സെറ്റിൽമെന്റ് ചർച്ചകൾ നടന്നുവരുന്നു. | മില്ലിൽ തൊഴിലാളികളുടെ സംഘടനകളുമായുള്ള ചർച്ചകൾ അവസാന ഘട്ടത്തിലാണ്. 2020 ഫെബ്രുവരിയിൽ കരാർ ഒപ്പവയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| 16. | സെയിൽ എസ് സി എൽ ലിമിറ്റഡ് | സെയിൽ എസ്. സി. എൽ. കേരള ലിമിറ്റഡ് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടേയും കേരളാ ഗവൺമെന്റിന്റെയും സംയുക്ത സംരംഭമാണ്. അവസാനമായി നിലവിൽ വന്നത് 2008 ഒക്ടോബർ 1 ന് അടുത്ത ശമ്പള | 2008 ഒക്ടോബർ 1 മുതൽ നിലവിൽ വന്ന ശമ്പള പരിഷ്കരണകരാറിന് ശേഷം സെയിൽ എസ്. സി. എൽ. കേരള ലിമിറ്റഡിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ |

| | | | |
|---|---|---|---|
| | | പരിഷ്കരണം നിലവിൽ വരേണ്ടതായിരുന്നു. പക്ഷെ, ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി കാരണം നാളിതുവരെ ശമ്പളപരിഷ്കരണ നടപടികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ശമ്പള പരിഷ്കരണം വൈകുന്നത് മൂലം 2013 ജനുവരി 1 മുതൽ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ ഒരിടക്കാലാശ്വാസം നടപ്പാക്കിയിരുന്നു. ശമ്പള പരിഷ്കരണം അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഡയറക്ടർ ബോർഡിന്റെ നിർദ്ദേശപ്രകാരം രണ്ടാമതൊരു ഇടക്കാലാശ്വാസം നടപ്പാക്കുന്നതിന് അനുമതി തേടി കമ്പനി കേരള സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. | കരാറൊന്നും ഒപ്പ് വച്ചിട്ടില്ല. |
| 17. | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ സമ്പള പരിഷ്കരണം 2020 ഫെബ്രുവരി മാസത്തിലാണ് കാലാവധി അവസാനിച്ചത്. | കമ്പനിയിലെ മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടില്ല. |
| 18. | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2012 ൽ നടപ്പിലാക്കേണ്ടിയിരുന്ന ശമ്പള പരിഷ്കരണം 2017-ൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കി. ഇത് നടപ്പിലാക്കിയത് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ഒപ്പ് വച്ച കരാർ പ്രകാരമാണ്. | 2017 മുതലുള്ള പരിഷ്കരണത്തിന്മേലുള്ള ചർച്ചകൾ മാതൃസ്ഥാനമായ കെ. എസ്. ഇ. ഡി. സി. അംഗീകൃത ട്രേഡ് യൂണിയനുകളുമായി നടത്തിവരുന്നുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 19. | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | ഈ സ്ഥാപനത്തിൽ 28/10/2017 ലെ GO(Ms)No.05/17/ID Dated: 28/10/2017 പ്രകാരം | ഇക്കാര്യത്തിൽ ഈ സ്ഥാപനത്തിൽ മാനേജ്മെന്റ് തൊഴിലാളി സംഘടനകളുമായി |

| | | | |
|---|---|---|---|
| | | ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. | കരാർ ഒപ്പ് വച്ചിട്ടുണ്ട്. |
| 20. | ദി കണ്ണനൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | തൊഴിലാളികളുടെയും ജീവനക്കാരുടെയും ശമ്പള പരിഷ്കരണം അന്തിമഘട്ടത്തിലാണ്. | ഈ മില്ലിലെ മാനേജ്മെന്റും, തൊഴിലാളി സംഘടനകളും തമ്മിൽ കരാറിൽ ഒപ്പ് വച്ചിട്ടില്ല. |
| 21. | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിനായി ടെക്സ്റ്റൈൽസ് ഐ. ആർ. സി. തലത്തിൽ ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടത്തി കരാർ പുതുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിലുള്ള ചർച്ചകൾ അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു. |
| 22. | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2019 ജൂലൈയിൽ വേതനം വർദ്ധിപ്പിച്ചു. | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് കരാർ ഒപ്പിട്ട് വച്ചിട്ടില്ല. |
| 23. | ദി കേരള സിറാമിക്സ് ലിമിറ്റഡ് | ഈ കമ്പനിയിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കരാർ കാലാവധി 2016 മാർച്ചിൽ പൂർത്തീകരിച്ചു. പുതിയ കരാർ ചർച്ചകൾ ആരംഭിക്കാനുള്ള അനുമതി തേടി സമർപ്പിച്ച ഫയൽ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. | |
| 24. | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(ഹാൻവീവ്) | 2009 ലെ ശമ്പള പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | കമ്പനിയിലെ മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടില്ല. |
| 25. | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | തുടർച്ചയായി രണ്ട് സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ചാൽ മാത്രമേ ശമ്പള പരിഷ്കരണം പരിഗണിക്കുകയുള്ളൂവെന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെങ്കിൽ അക്കൗണ്ടുകളുടെ ആഡിറ്റ് പൂർത്തിയായിരിക്കണമെന്നും സർക്കാർ ഉത്തരവുണ്ട്. ഈ സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാലും ആഡിറ്റ് | കമ്പനിയിലെ മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | പൂർത്തിയാക്കാത്തതിനാലും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. | |
| 26. | കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | പത്താം ശമ്പള പരിഷ്കരണത്തിനായുള്ള (2014-2019) പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. | തൊഴിലാളി സംഘടനകൾ ഇല്ലാത്തതിനാൽ കരാറുകളൊന്നും ഒപ്പ് വച്ചിട്ടില്ല. |
| 27. | കെൽപാം | ഈ സ്ഥാപനത്തിൽ 1997-ലെ പേ റിവിഷനാണ് നിലവിലുള്ളത്. അതിന് ശേഷം ശമ്പളപരിഷ്കരണം അനുവദിച്ചിട്ടില്ല. | മാനേജ്മെന്റും തൊഴിലാളിസംഘടനകളും തമ്മിൽ ശമ്പളപരിഷ്കരണ കാര്യത്തിൽ കരാർ ഒപ്പ് വെച്ചിട്ടില്ല. |
| 28. | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഡ്രാഫ്റ്റ് കരാർ ഒപ്പ് വെക്കുകയുണ്ടായി. | |
| 29. | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | ജീവനക്കാരിൽ വർക്കർ വിഭാഗത്തിൽപ്പെട്ടവരുടെ ശമ്പളപരിഷ്കരണ ഉത്തരവ് 01/04/2001 തീയതി പ്രാബല്യത്തിലുള്ളതും സൂപ്പർവൈസർ/മാനേജീരിയൽ വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവ് 01/03/2002 പ്രാബല്യത്തിലുള്ളതാണ് ഇപ്പോൾ നിലവിലുള്ളത്. ഉൽപാദന വിപണന രംഗങ്ങളിൽ സ്ഥാപനം ഏറെക്കാലം മാന്ദ്യം നേരിട്ട സാഹചര്യത്തിൽ തുടർന്നുള്ള ശമ്പള പരിഷ്കരണ ചർച്ച ചെയ്യുകയോ, കരാർ രൂപപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. | മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ നിലവിൽ പുതിയ കരാർ ഒപ്പു വച്ചിട്ടില്ല. |
| 30. | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | തൊഴിലാളികളുടെ ദീർഘകാല കരാറിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. |
| 31. | ദി ക്വയിലോൺ കോ- | ഈ മില്ലിൽ ശമ്പള പരിഷ്കരണം സംബന്ധിച്ച | ശമ്പളപരിഷ്കരണം സംബന്ധിച്ച് മാനേജ്മെന്റും |

| | | | |
|---|---|---|---|
| | ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | കാലാവധി 16/02/2016 ൽ അവസാനിച്ചു. | തൊഴിലാളി പ്രതിനിധികളുമായി ചർച്ചകൾ ഒന്നും നടന്നിട്ടില്ല. |
| 32. | തൃിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | ഐ ആർ സി തീരുമാനപ്രകാരമുള്ള ശമ്പള പരിഷ്കരണ നടപടികൾ നടപ്പാക്കുന്നതിനുള്ള സെറ്റിൽമെന്റ് ചർച്ചകൾ നടന്നുവരുന്നു. | തൊഴിലാളികളുടെ സംഘടനകളുമായുള്ള ചർച്ചകൾ അവസാന ഘട്ടത്തിലാണ്. 2020 ഫെബ്രുവരിയിൽ കരാർ ഒപ്പുവയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| 33. | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ | സിഡ്കോ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിലുള്ള ദീർഘകാല കരാർ 31.03.2013 ൽ അവസാനിച്ചു. ദീർഘകാല കരാർ പുതുക്കുന്നതിനും സിഡ്കോയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം നടപ്പിലാക്കുവാനുമുള്ള അനുമതിക്കായി 26.04.2018-ൽ സർക്കാരിലേക്ക് പി.ഡബ്ല്യു/4418/16 നമ്പർ കത്ത് മുഖേന അപേക്ഷിച്ചിരുന്നു. സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ 16.05.2019, 13.01.2020 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്. | |
| 34. | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | ഈ സർക്കാരിന്റെ കാലയളവിൽ വർക്കർ, സ്റ്റാഫ് കാറ്റഗറി വിഭാഗങ്ങളിൽ ടെക്സ്റ്റൈൽ വ്യവസായ ബന്ധസമിതി (ഐ. ആർ. സി.), സംസ്ഥാന അടിസ്ഥാനത്തിൽ ഓരോ മില്ലുകളിലും പ്രത്യേകം പ്രത്യേകം കരാറിൽ എത്തേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നുവരുന്നു. കെ. എസ്. റ്റി. സി.യിൽ സൂപ്പർവൈസറി ആന്റ് മാനേജീരിയൽ വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. | കെ. എസ്. റ്റി. സി തുടർച്ചയായ നഷ്ടത്തിലാണ് പ്രവർത്തിച്ചു പോരുന്നത്. എന്നിരുന്നാലും ജീവനക്കാരുടെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മുൻഗണന നൽകും. |
| 35. | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കമ്പനിയിലെ മാനേജീരിയൽ / സൂപ്പർവൈസറി കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം 01.04.2010 മുതൽ ഡ്യൂ ആണ്. | കെ. എസ്. ഐ. ഇ. യിൽ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ഒപ്പുവച്ച നിലവിലുള്ള ദീർഘകാല കരാർ 01.10.2006 മുതൽ 5 വർഷത്തേക്കുള്ളതാണ്. |

| | | | |
|---|---|---|---|
| | | കമ്പനിയിലെ സ്റ്റാഫ് കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 01.10.2011 മുതൽ ഡ്യൂ ആണ്. ശമ്പള പരിഷ്കരണത്തിനായുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലാണ്. | |
| 36. | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പളപരിഷ്കരണം (01/10/2015 മുതൽ 30/09/2019 വരെയുള്ള) നടത്തുന്നതിനായി ഒപ്പു വച്ച സേവന / വേതന കരാർ സർക്കാർ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. | ശമ്പള പരിഷ്കരണം (01/10/2015 മുതൽ 30/09/2019 വരെയുള്ള) നടത്തുന്നതിനായി മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ. 10/01/2019 ൽ സേവന / വേതന കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. |
| 37. | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ഫയലുകൾ ഫിനാൻസ് വകുപ്പിൽ നടപടിയുടെ ഭാഗമായി പി. യു. ഡി. സെക്ഷനിലാണ്. | മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ സർക്കാർ അനുമതിയോടുകൂടി കരാർ ഒപ്പു വച്ചിട്ടുണ്ട്. |
| 38. | കേരള ക്ലെയ്സ് & സെറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പള പരിഷ്കരണം 01.01.2017 മുതൽ നടപ്പിലാക്കേണ്ടതായിരുന്നു. എന്നാൽ കമ്പനി കാലങ്ങളായി ഏർപ്പെട്ടിരിക്കുന്ന ഖനന പ്രവർത്തനങ്ങൾ നിർത്തിവെക്കേണ്ടി വന്നാലും, കമ്പനിയുടെ വൈവിദ്ധ്യവൽക്കരണ പ്രവർത്തികൾ പരിസമാപ്തിയിലേക്ക് എത്താത്തതിനാലും ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. | |
| 39. | പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | തൊഴിലാളികളുടെ ശമ്പളവർദ്ധനവിനെ സംബന്ധിച്ച് 21/08/2019 ലെ വ്യവസായബന്ധ സമിതിയുടെ തീരുമാനത്തിന് വിധേയമായി വർക്ക് ലോഡ് സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നു. വൈകാതെ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ കരാർ ഒപ്പ് വെയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. | |
| 40. | കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2018 ഏപ്രിൽ മാസം മുതലാണ് വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചത്. 5 വർഷത്തിലൊരിക്കൽ IRC settlement പ്രകാരം ശമ്പളം പുതുക്കുന്ന രീതിയാണ് ടെക്സ്റ്റൈൽ മേഖലയിൽ | മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ കരാറുകളൊന്നും ഒപ്പുവച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | നിലവിലുള്ളത്. അപ്രകാരം ഇവിടെയും ചെയ്യുന്നതാണ്. | |
| 41. | മലബാർ കോ- ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | നിലവിലെ ദീർഘകാല കരാർ 30.04.2015 ന് അവസാനിച്ചിട്ടുണ്ട്. പുതിയ ദീർഘകാല കരാർ വെക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽ തീരുമാനപ്രകാരം ഇടക്കാലാശ്വാസം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.(2011 ജനുവരി മുതൽ 900 രൂപയും, 2014 മാർച്ച് മുതൽ 700 രൂപയും, 2019 മാർച്ച് മുതൽ 1000 രൂപയും വീതം 2600 രൂപ വർദ്ധനവ്). കൂടാതെ എല്ലാ ഷിഫ്റ്റിലും ഭക്ഷണം ഫ്രീ ആയി നൽകി വരുകയും ചെയ്യുന്നുണ്ട്. | പുതിയ ദീർഘകാല കരാർ ഒപ്പ് വച്ചിട്ടില്ല. |
| 42. | ഹാന്റക്സ് | ഹാന്റക്സിൽ 2016 ലാണ് 2004 ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. 2009, 2014 ശമ്പള പരിഷ്കരണങ്ങൾ സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. | ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിലേക്കായി ഉപസമിതിയുടെ പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ